(ഇ) ചീഫ് എൻജിനീയറുടെ (ജനറൽ) റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കുഴൽ കിണറുകൾക്ക് വേണ്ടി ചെലവായ തുക

903 [1078] ശ്രീ ടി.പി. പീതാംബരൻ മാസ്റ്റർ:
ശ്രീ. പി. വിജയദാസ്:
ശ്രീമതി. റേച്ചൽ സണ്ണി പനവേലിൽ:
ശ്രീ. ആർ.എസ്. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനത്ത് കുഴിച്ച കുഴൽകിണറുകൾക്ക് വേണ്ടി ആകെ ചെലവായ സംഖ്യ എത്ര;

(ബി) ഈ സാമ്പത്തിക വർഷം എത്ര കുഴൽ കിണറുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) 7.8851 കോടി രൂപ.
(ബി) 1512 എണ്ണം.

പാലക്കാട് ജില്ലയിലെ കുഴൽകിണറുകൾ

904 [1079] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജലം ലഭിക്കുന്ന എത്ര കുഴൽ കിണറുകൾ നിലവിലുണ്ട്;

(ബി) 1986 ഏപ്രിൽ 4-ാം തീയതിയ്ക്ക് ശേഷം എത്ര കുഴൽകിണർ ജില്ലയിൽ കുഴിച്ചിട്ടുണ്ട്:

(സി) 1986 ഏപ്രിലിനുശേഷം ജില്ലയിൽ കുഴിച്ച കുഴൽ കിണറുകളുടെ എണ്ണവും പഞ്ചായത്തിന്റെ പേരും കുഴൽകിണർ കുഴിച്ച സ്ഥലത്തിന്റെ പേരും വ്യക്തമാക്കുമോ?

ഉത്തരം

(എ) 33 എണ്ണം.
(ബി) 34 എണ്ണം
(സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly